(3) പ്രസ്തുത ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനും നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.

(4) സ്വയം നിയന്ത്രിത ദുരന്ത പ്രവചന ഉപകരണങ്ങളായ കാലാവസ്ഥാ ഉപകരണങ്ങൾ, ഡിസ്ചാർജ്ജ്ഗേജ്, ഭ്രകമ്പമാപിനികൾ എന്നിവയിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് പ്രകൃതി ദുരന്തങ്ങളുടെ മുൻകൂട്ടിയുള്ള പ്രവചനം സാദ്ധ്യമാക്കുക.

(5) ജില്ലാദുരന്തനിവാരണ അതോറിറ്റികൾക്ക് ആവശ്യമായ അടിയന്തര നിർദ്ദേശങ്ങൾ യഥാസമയം നൽകുക വഴി കേന്ദ്രീകൃത ദുരന്ത നിവാരണ പ്രവർത്തനം ഫലപ്രദമായ നടപ്പിലാക്കുക.

(സി) റവന്യൂ-ദുരന്ത നിവാരണ വകുപ്പ്, ആഭ്യന്തര വകുപ്പ്, ശാസ്ത്ര സാങ്കേതിക വകുപ്പ്, അഗ്നിശമന സേനാ വിഭാഗം, കൃഷി-മൃഗസംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വ്യവസായ വകുപ്പ്, ജലവിഭവ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, വനം വകുപ്പ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് എന്നിവ ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിലുള്ള സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്ററുമായി ചേർന്ന് പ്രവർത്തിക്കുന്നു.

(ഡി) ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി അത്യാധുനിക സജ്ജീകരണങ്ങളുള്ള ഒരു ആസ്ഥാന മന്ദിരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്കുവേണ്ടി നിർമ്മിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

റവന്യൂ വകുപ്പിലെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ

116(4747) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നുള്ള വിവരം നൽകുമോ ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ തീയതി തിരിച്ചുള്ള വിശദ വിവരം നൽകുമോ ?

ഉത്തരം

റവന്യൂ വകുപ്പിൽ നിലവിലുള്ള 181 ഒഴിവുകളിൽ 162 ഒഴിവുകൾ 12-12-2014-ന മുമ്പ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 19 ഒഴിവുകൾ അടിയന്തിരമായി റിപ്പോർട്ട് ചെയ്യുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly